**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2281** | **03-03-2025 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതികള്‍**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു പ്രതിഭ** | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** |

**ചോദ്യം**

(എ) സംസ്ഥാനത്ത് ആകെ എത്ര കുടുംബശ്രീ അയല്‍ക്കൂട്ടങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; 2020 ജനുവരി മുതല്‍ ഓരോ ജില്ലയിലും രജിസ്റ്റര്‍ ചെയ്തിട്ടുള്ള പുതിയ അയല്‍ക്കൂട്ടങ്ങളുടെ എണ്ണം ജില്ലയും വര്‍ഷവും തിരിച്ച് വിശദമാക്കാമോ; നിലവില്‍ കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

**ഉത്തരം**

(എ) 3,17,724 അയല്‍ക്കൂട്ടങ്ങളാണ് നിലവില്‍ കുടുംബശ്രീയ്ക്കു കീഴില്‍ പ്രവര്‍ത്തിച്ചു വരുന്നത്.

2020 -21 മുതല്‍ ഓരോ ജില്ലയിലും രജിസ്റ്റര്‍ ചെയ്തിട്ടുള്ള പുതിയ അയല്‍ക്കൂട്ടങ്ങളുടെ എണ്ണം ജില്ലയും വര്‍ഷവും തിരിച്ച് ചുവടെ ചേര്‍ക്കുന്നു.

| ജില്ല | 2020-21 | 2021-22 | 2022-23 | 2023-24 | 2024-2 |
|---|---|---|---|---|---|
| ആലപ്പുഴ | 904 | 579 | 412 | 216 | 45 |
| എറണാകുളം | 1379 | 644 | 493 | 216 | 121 |
| ഇടുക്കി | 380 | 278 | 202 | 90 | 34 |
| കണ്ണൂര്‍ | 647 | 635 | 506 | 236 | 87 |
| കാസര്‍ഗോഡ് | 528 | 390 | 418 | 266 | 32 |
| കൊല്ലം | 1821 | 1278 | 918 | 371 | 63 |
| കോട്ടയം | 830 | 643 | 279 | 161 | 28 |
| കോഴിക്കോട് | 776 | 693 | 602 | 610 | 89 |
| മലപ്പുറം | 2621 | 1503 | 1454 | 794 | 221 |
| പാല ക്കാട് | 2096 | 1233 | 1389 | 727 | 131 |
| പത്തനംതിട്ട | 526 | 358 | 167 | 123 | 32 |
| തിരുവനന്തപുരം | 1655 | 1024 | 827 | 543 | 177 |
| തൃശ്ശൂര്‍ | 1925 | 1190 | 982 | 378 | 93 |
| വയനാട് | 450 | 367 | 258 | 146 | 20 |

നിലവില്‍ കുടുംബശ്രീ വഴി ഓരോ മേഖലകളിലും നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.

**1. സംഘടനാ സംവിധാനം:**

1. ഓക്സിലറി ഗ്രൂപ്പുകളുടെ രൂപീകരണവും, ഉപജീവന പ്രവര്‍ത്തനങ്ങളുടെ വ്യാപനവും - അയല്‍ക്കൂട്ട അംഗമല്ലാത്ത 18 മുതല്‍ 40 വയസ്സ് വരെയുള്ള യുവതികള്‍ക്ക് അംഗത്വം നല്‍കി യുവതികളുടെ സമഗ്രമായ വളര്‍ച്ചയ്ക്ക് പിന്തുണ നല്‍കുന്നതിനുള്ള ഗ്രൂപ്പുകള്‍.

2. സി.ഡി.എസ്സുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ക്യാമ്പയിൻ - RISE :- സി ഡി എസ് തലത്തിൽ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, പ്രവർത്തനത്തിൽ പിന്നോക്കം നിൽക്കുന്ന മേഖലകൾ കണ്ടെത്തി മികച്ച ത്രിതല സംഘടനാ സംവിധാനമാക്കി മാറ്റുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കി പിന്തുണ നൽകുന്നതുമാണ് ഈ ക്യാമ്പിയിൻ.

3. വി.പി.ആർ.പി :- ഗ്രാമപഞ്ചായത്തുകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് (ജി പി ഡി പി) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ വ്യക്തിഗത, പ്രാദേശിക വികസനങ്ങൾക്ക് ആവശ്യമായ ഡിമാന്റുകൾ, പ്ലാനുകൾ എന്നിവ തയ്യാറാക്കുന്ന പദ്ധതിയാണ് വി പി .ആർ പി.

4. കെ.ലിഫ്റ്റ് പദ്ധതി :- നടപ്പ് സാമ്പത്തിക വർഷം ഒരു അയൽക്കൂട്ടത്തിൽ നിന്നും ചുരുങ്ങിയത് ഒരു സംരംഭം/ തൊഴിൽ എന്ന കണക്കിൽ മൂന്ന് ലക്ഷം ഉപജീവന മാർഗങ്ങൾ സൃഷ്ടിച്ച് കുടുംബശ്രീ അംഗങ്ങൾ, ഓക്സിലറി അംഗങ്ങൾ എന്നിവർക്ക് സുസ്ഥിര വരുമാനം ഉറപ്പവരുത്തുക എന്നതാണ് ഈ ക്യാമ്പെയിന്റെ പ്രധാന ലക്ഷ്യം. ഈ സാമ്പത്തിക വർഷം നാളിതുവരെ 2.90 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനം നൽകാൻ കുടുംബശ്രീയ്ക്ക് സാധിച്ചിട്ടുണ്ട്.

5. തീരശ്രീ :- തീരദേശ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തീരദേശ പഞ്ചായത്തുകളിൽ കോസ്റ്റൽ വോളണ്ടിയർമാരെ നിയമിക്കുകയും, തീരദേശമേഖലയിലെ കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക ഇടപെടൽ നടത്തുകയും ചെയ്യുവരുന്നു.

6. എന്നിടം :- എഡിഎസ് തല റിക്രിയേഷൻ & കൾച്ചറൽ സെന്ററുകൾ - കുടുംബശ്രീ അംഗങ്ങളുടെ കലാ-സാംസ്കാരിക സാമൂഹ്യ ഉന്നമനത്തിന് 2024 മെയ് 17 കുടുംബശ്രീ ദിനത്തിൽ ആരംഭിച്ച "എന്നിടം" ത്തിന്റെ ഭാഗമായി എ.ഡി.എസ്സുകളിൽ എല്ലാ മാസവും വിവിധ പരിപാടികൾ നടത്തിവരുന്നു.

കൂടാതെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം, കന്നഡ സംസാരിക്കുന്ന ഭാഷ ന്യൂനപക്ഷങ്ങൾക്കായി പ്രത്യേക പരിപാടികൾ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുമായി ചേർന്ന് 2021 മുതൽ സ്കൂളുകളിലേക്കുള്ള പാഠപുസ്തക വിതരണം , മാതൃക സിഡിഎസ് പദ്ധതി പ്രകാരമുള്ള പരിശീലനങ്ങൾ എന്നിവയും സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടന്നുവരുന്നു.

**<u>II. കാർഷിക മേഖല</u>** :- കാർഷിക മേഖലയിൽ കുടുംബശ്രീ നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ. കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ കുടുംബശ്രീ അംഗങ്ങളിൽ എത്തിക്കുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു കൃഷി സഖിയെ വീതം ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൃഷി സഖി മുഖേനെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ശാസ്ത്രീയ രീതിയിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ട്.

**<u>III. മൃഗ സംരക്ഷണം :-</u>** കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് പിന്തുണയിൽ മൃഗസംരക്ഷണ, ഉപജീവന പദ്ധതികളുടെ പ്രോത്സാഹനം, കുടുംബശ്രീ സി.ഡി.എസ് വഴി കർഷകർക്ക് ചെറുകിട ഗാർഹിക യൂണിറ്റുകൾക്ക് വായ്പ

അനുവദിച്ചുകൊണ്ടുള്ള ഉപജീവന പദ്ധതി പിന്തുണ, പശു സഖി & എ ഹെൽപ്പ് പരിശീലനങ്ങൾ എന്നിവ നടന്നു വരുന്നു.

**IV. കേരള ചിക്കൻ**:- കോഴിയിറച്ചിയുടെ അമിതവിലക്ക് പരിഹാരം കണ്ടെത്തുന്നതിനും, സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും, കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകർക്ക് ഒരു സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുമുള്ള സർക്കാർ പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി. 2019 മുതൽ കുടുംബശ്രീ കേരള ചിക്കൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 11 ജില്ലകളിലായി 443 ബ്രോയിലർ ഫാമുകളും, 136 കേരള ചിക്കൻ ഔട്ട് ലെറ്റുകളും പ്രവർത്തിച്ചുവരുന്നു

കൂടാതെ മൈക്രോ സംരംഭങ്ങൾ, സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രെണർഷിപ് പ്രോഗ്രാം, ആർ.കെ.ഐ. സാരംഭകത്വ വികസന പദ്ധതി, വൺ സ്റ്റോപ്പ് ഫെസിലിറ്റി സെന്റർ, വിപണന മേളകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ , ഓൺലൈൻ വിപണന സംവിധാനം എന്നിവയും സംരംഭകത്വ വികസനത്തിനായി നടപ്പാക്കി വരുന്നു.

**V. ട്രൈബൽ & SC മേഖല** :- പട്ടികവർഗ്ഗ മേഖലയിൽ മികച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളെ വളർത്തിയെടുക്കൽ , പട്ടികവർഗ്ഗ മേഖലയിൽ മൃഗസംരക്ഷണത്തിലൂന്നിയുള്ള ഉപജീവന പ്രവർത്തനങ്ങൾ, പട്ടികവർഗ്ഗ ജെ എൽ ജി കളുടെ രൂപീകരണവും, കോർപ്പസ് ഫണ്ട് നൽകലും, പട്ടികവർഗ്ഗ മേഖലയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ ഊരിൽ തന്നെ പഠനസംബന്ധമായതും പാഠ്യേതരവുമായ അധിക വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടിയുള്ള ട്യൂഷൻ സെൻററുകൾ ആരംഭിക്കുക, പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 15,000 രൂപ കോർപ്പസ് ഫണ്ട്, കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസസ് ആൻഡ് ഇന്നവേഷൻ സെന്റർ (കെ-ടിക്), പട്ടികജാതി വിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പാക്കുന്ന പ്രത്യേക ജീവനോപാധി പദ്ധതിയായ സമുന്നതി എന്നിവ പട്ടികജാതി - പട്ടിക വർഗ്ഗ മേഖലകളിൽ നടപ്പാക്കി വരുന്നു.

**VI. സാമൂഹ്യ വികസന മേഖല** :- കുടുംബശ്രീയുടെ സാമൂഹ്യ വികസന പദ്ധതികളുടെ ഭാഗമായി ഭിന്ന ശേഷിക്കാർ, വയോജനങ്ങൾ, പാരാപ്ലീജിയ വിഭാഗത്തിൽപെട്ട അംഗങ്ങൾ, അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി ഗുണഭോക്താക്കൾ, ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾ അവരുടെ മാതാപിതാക്കൾ എന്നിവർക്കായി ഉപജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വളർത്താനും, സംരംഭകത്വ ചിന്താശൈലി വളർത്താനും, തദ്ദേശീയവും കേരളീയവുമായ സംസ്കാരത്തെ അടുത്തറിയാനും കുട്ടികൾക്കായി ബാലസഭ, കുടുംബശ്രീ മൈൻഡ് ബ്ലോവേർസ് , സമ്മർ ക്യാമ്പ് എന്നിവ നടത്തി വരുന്നു.

VII. സ്ത്രീകൾ നരിടുന്ന അതിക്രമങ്ങൾ തടയുന്നതിനും ലിംഗനീതി ഉറപ്പുവരുത്തുന്നതിനുമായി ക്രൈംമാപ്പിംഗ്, ധീരം എന്ന പേരിൽ സ്വയം പ്രതിരോധ പരിശീലനം , കുടുംബശ്രീ കമ്മ്യൂണിറ്റി തീയറ്റർ ഗ്രൂപ്പായ രംഗശ്രീ, സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനും എതിരെയുള്ള ക്യാമ്പയിൻ, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ന്റെ ആഭിമുഖ്യത്തിൽ

ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയും ലിംഗവിവേചനത്തിനെതിരെയും നയീചേതന എന്ന പേരിൽ ദേശീയ ജെൻഡർ ക്യാമ്പയിൻ, ജെൻഡർ സെൽഫ് ലേണിംഗ് പ്രോഗ്രാം എന്നീ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്.

കുടുംബശ്രീയുടെ ഭാഗമായി എല്ലാ ജില്ലകളിലും അട്ടപ്പാടിയിലും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ് ക്കുകളിലൂടെ 2024-25 സാമ്പത്തിക വർഷത്തിൽ നേരിട്ടുള്ള കേസുകളും ടെലികേസുകളും ഉൾപ്പെടെ 5659 കേസുകൾ കൈകാര്യം ചെയ്യുകയും 1408 സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകുകയും ചെയ്തു. കൂടാതെ വിവിധ ജെൻഡർ പ്രതിരോധ പ്രവർത്തനങ്ങൾ, അവബോധ പ്രവർത്തനങ്ങൾ സ്നേഹിതയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

സംസ്ഥാനത്തുടനീളം പഞ്ചായത്ത് തലത്തിൽ 860 ജെൻഡർ റിസോഴ്സ് സെൻററുകളിലൂടെ വിവിധ രൂപങ്ങളിലുള്ള ലിംഗ വിവേചനങ്ങൾ, സാമൂഹിക വാർപ്പ് മാതൃകകൾ, ലിംഗാധിഷ്ഠിത അതിക്രമങ്ങൾ, വിഭവങ്ങളിലേയ്ക്കുള്ള പരിമിതമായ ലഭ്യത എന്നിങ്ങനെയുള്ള വിവിധ ലിംഗ അസമത്വങ്ങളെ നേരിട്ടുവരുന്നു. ജെൻഡർ റിസോഴ്സ് സെൻററുകളുടെ സേവനങ്ങൾ അയൽക്കൂട്ട അംഗങ്ങളിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുവാനായി സംസ്ഥാനത്തുടനീളം 399 കമ്മ്യൂണിറ്റി കൗൺസിലർമാർ കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

കുടുംബശ്രീയുടെ ഭാഗമായി വാർഡ് തലത്തിൽ 129544 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 19337 വിജിലൻറ് ഗ്രൂപ്പുകൾ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനായുള്ള സംരക്ഷണ സേനയായി പ്രവർത്തിച്ചുവരുന്നു.

അയൽക്കൂട്ട തലത്തിൽ ലിംഗപദവി സംബന്ധമായ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ അതിജീവിക്കുന്നതിനുമുള്ള സഹായം നൽകുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ട അംഗമാണ് ജെൻഡർ പോയിൻറ് പേഴ്സൺ. സംസ്ഥാനമൊട്ടാകെ ആകെ 278338 ജെൻഡർ പോയിൻറ് പേഴ്സൺമാർ പ്രവർത്തിച്ചുവരുന്നു. അവരിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് ജെൻഡർ സെൻസിറ്റൈസേഷൻ നൽകുന്നതിനായുള്ള കെ-ജെൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

MEDICON -മായി സംയോജിച്ച് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ആര്യാട് ബ്ലോക്കുകളിൽ എല്ലാ അയക്കൂട്ടങ്ങളിൽ നിന്നും 2 അംഗങ്ങളെ വീതം തെരഞ്ഞെടുത്ത് സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ എന്നീ രോഗങ്ങളെക്കുറിച്ചുള്ള അവബോധ പ്രവർത്തനങ്ങളും സ്ക്രീനിംഗും നടത്തുന്നു.

ട്രാൻസ് ജെൻഡർ, ലൈംഗിക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ബന്ധപ്പെട്ട വകുപ്പുകളുമായി സംയോജിച്ചു കൊണ്ട് ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുമായി എല്ലാ ജില്ലകളിലും ട്രാൻസ് ജെൻഡർ ഫോറം രൂപീകരിച്ചു.

VIII. ഹാപ്പികേരളം - 'ഹാപ്പികേരളം' എന്ന ആശയത്തിലൂന്നിയുള്ള ഹാപ്പിനസ് സെന്ററുകളിലൂടെ കേരളത്തിലെ ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ കേന്ദ്രങ്ങളാക്കാൻ തയാറെടുക്കുകയാണ് കുടുംബശ്രീ. സമൂഹത്തിലെ ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും സമഗ്രക്ഷേമവും ഉന്നമനവും ഉറപ്പുവരുത്തി ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ

കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഹാപ്പിനസ് സെന്ററുകളിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്.

IX. സാമ്പത്തിക അച്ചടക്കം സൃഷ്ടിക്കുന്നതിനും ബാങ്കിംഗ് മേഖലയിലെ മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും ബാങ്ക് ലിങ്കേജ്, ഇൻഷ്വറൻസ് ഉൾപ്പെടെ വിവിധ ബാങ്ക് പദ്ധതികൾ അയൽക്കൂട്ട അംഗങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ വർഷവും സാമ്പത്തിക സാക്ഷരതാ ക്ലാസുകൾ നടത്തിവരുന്നു.

നിലവിൽ 92% ശതമാനം അയൽക്കൂട്ടങ്ങളും ബാങ്ക് ലിങ്കേജ് വായ്പ എടുത്തിട്ടുണ്ട്. പലിശ ഇളവോടെ ( Interest subvention) കൂടി ലഭിയ്ക്കുന്ന ലിങ്കേജ് വായ്പ, കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന ബൾക്ക് വായ്പ എന്നിവ ഉയർന്ന നിരക്കിൽ പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരിൽ നിന്നും അയൽക്കൂട്ട അംഗങ്ങൾ വായ്പഎടുക്കുന്നത് ഒഴിവാക്കുവാൻ സഹായിക്കുന്നു. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി./പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവ സി ഡി എസ് മുഖേനെ 6 % പലിശ നിരക്കിൽ അയൽക്കൂട്ടങ്ങൾക്കു വായ്പ നൽകുന്നു.

ബിസി സഖി/ബാങ്ക് സഖി ചുമതലയുള്ള അംഗം ബാങ്കിങ് സേവനങ്ങൾ വാതിൽപടിയിൽ' എത്തിയ്ക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി സഹായിക്കുന്നു. ബാങ്കിൽ അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പ, അവയുടെ തിരിച്ചടവ്, സ്വയം സഹായ സംഘങ്ങൾക്കുള്ള മറ്റു സേവനങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് തെരെഞ്ഞെടുത്ത് നൽകുന്ന അയൽക്കൂട്ട അംഗമായ സേവനദാതാവാണ് ബാങ്ക് സഖി. ബാങ്കിങ് കോർപ്പറേറ്റ് സഖി എന്നറിയപ്പെടുന്ന ടി അയൽക്കൂട്ട അംഗത്തിന് വിവിധ ബാങ്കിങ് സേവനങ്ങൾ മുഖേന കമ്മീഷൻ ഇനത്തിൽ വരുമാനം ലഭിയ്ക്കുന്നു.

X. ഇവ കൂടാതെ പി.എം.എ.വൈ (നഗരം-ലൈഫ് ), DDU-GKY, സാഗർമാല, RSETI (Rural Self Employment Training Institute) , ദേശീയ നഗര ഉപജീവന ദൗത്യം എന്നിവയും കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ